DISPATCHED
23/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 186*(2)/2020*/*എസ്.ഐ.സി***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **4006** */എസ്.ഐ.സി-ജി 6/20)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.കെ.പി.പ്രഭാകരൻ,
ഇ.പി.8/660-ബി,
നന്ദനം, പുതിയങ്ങാടി പി.ഒ.,
കോഴിക്കോട് - 673 021. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട്,
ഇ.എഫ്.എൽ.കസ്റ്റോഡിയന്റെ ഓഫീസ്,
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട് പി.ഒ.,
തിരുവനന്തപുരം - 695 014. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.02.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| **കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി** | 09.03.2020 |
| **കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി** | 12.03.2020 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. കെ.പി.പ്രഭാകരൻ, 09.03.2020ന് സമർപ്പിച്ച പരാതി ഹർജി 12.03.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.186(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 03.02.2020ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ഇ.എഫ്.എൽ.ആക്ട് 2003ന്റെ സെ.2(എ) വകുപ്പ് പ്രകാരം "Custodian" means the Principal Conservator of Forests of the State of any other officer not below the rank of a conservator of Forests appointed by the Government by notification in the Gazette, to exercise the powers and performe the functions of the custodian under this Act. അതനുസരിച്ച് PCFനെ ഇ.എഫ്.എൽ.കസ്റ്റോഡിയനായി നിയമിച്ചു കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനത്തിന്റെ ഒരു കോപ്പി നൽകണമെന്നും ആർട്ടിക്കിൾ 166 അനുസരിച്ച് കേരള ഗവർണ്ണർ ഇ.എഫ്.എൽ.ആക്ട് അലോക്കേറ്റ് ചെയ്തിട്ടുള്ളത് ഫോറസ്റ്റ് മിനിസ്റ്റർക്കാണെന്നും അതനുസരിച്ച് ഫോറസ്റ്റ് മിനിസ്റ്റർ റൂൾസ് ഓഫ് ബിസിനസ്സ് അനുസരിച്ച് പി.സി.എഫിന് ടി നിയമം എക്സിക്യൂട്ട് ചെയ്യാൻ ചുമതലപ്പെടുത്തി അലോക്കേറ്റ് ചെയ്ത രേഖയുടെ ഒരു പകർപ്പും അനുവദിച്ച് നൽകണമെന്നാണ്.

4. 02.11.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ ടിയാന്റെ അപേക്ഷ നിരസിച്ചതായി കരുതുന്നുവെന്നും ടിയാന് രേഖകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശം നൽകണമെന്നും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസരണ നടപടി സ്വീകരിക്കണമെന്നുമാണ് കമ്മീഷൻ മുമ്പാകെ ആവശ്യപ്പെട്ടിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിനുള്ള മറുപടി നൽകിയതായി കമ്മീഷൻ നിരീക്ഷിക്കുന്നു. രണ്ടാമത്തെ ഇനത്തിന്

മറുപടി നൽകുന്നതിനായി പരാതിക്കാരന്റെ അപേക്ഷ ടി വിവരം ലഭ്യമായ ഓഫീസിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകാമെന്ന എതിർകക്ഷിയുടെ ഉറപ്പിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ 03-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)